# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം (പി-9)1761/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 19/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം (പി-9)1761/2023 തീയ്യതി: 19/12/2023

## എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2023 | 22-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-11-2023 | 22-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ധീരജ് ജെ, ഓഡിറ്റ് ഓഫീസർ
ശ്രീ അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അനീഷ് ടി എസ്, ഓഡിറ്റർ
ശ്രീ നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. അന്നമ്മ ആൻഡ്രൂസ് | പ്രസിഡന്റ് | 01-04-2022 | 30-12-2022 |
| ശ്രീ എം വി ജോസഫ് | പ്രസിഡന്റ് | 31-12-2022 | 22-01-2023 |
| ശ്രീമതി പ്രീതി അനീൽ | പ്രസിഡന്റ് | 23-01-2023 | 31-03-2023 |
| ശ്രീമതി ബിന്ദു ആർ | സെക്രട്ടറി | 01-04-2022 | 21-05-2022 |
| ശ്രീ പരമേശ്വരൻ ഉണ്ണി എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-05-2022 | 31-05-2022 |
| ശ്രീമതി ബിന്ദു ആർ | സെക്രട്ടറി | 01-06-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പരമേശ്വരൻ ഉണ്ണി എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-01-2023 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 01-02-2023 | 17-03-2023 |
| ശ്രീമതി ജിൻസി റ്റി ഐ | അസിസ്റ്റന്റ് സെക്രട്ടറി | 18-03-2023 | 31-03-2023 |
| ശ്രീമതി ഗായത്രി എം എൻ | കൃഷി ഓഫീസർ | 01-04-2022 | 26-07-2022 |
| ശ്രീ എൽദോസ് അബ്രഹാം | കൃഷി ഓഫീസർ | 27-07-2022 | 31-03-2023 |
| ഡോ സിന്ദ വർഗീസ് | വെറ്ററിനറി സർജൻ | 01-04-2022 | 28-01-2023 |
| ഡോ സീജാ സുന്ദരൻ | വെറ്ററിനറി സർജൻ | 29-01-2023 | 31-03-2023 |
| ശ്രീ ഷാജി ജോൺ | ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.എസ് | 01-04-2022 | 31-03-2023 |
| ശ്രീ രാജേഷ് ടി | വി.ഇ.ഒ(ഇലഞ്ഞി) | 01-04-2022 | 08-11-2022 |
| ശ്രീമതി ആതിര തങ്കൻ | വി.ഇ.ഒ(ഇലഞ്ഞി) | 09-11-2022 | 31-03-2023 |
| ശ്രീമതി ജിഷ പി എൻ | വി.ഇ.ഒ(മുത്തോലപുരം) | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദു കെ സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-05-2022 |
| ശ്രീ രതീഷ് രവീന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2022 | 27-08-2022 |
| ശ്രീമതി ബിന്ദു കെ സി | അസിസ്റ്റന്റ് എഞ്ചിനീയർ | 28-08-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ പി കെ ശ്രീലത | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ മോഹൻദാസ് ടി കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ സുമയ്യ കെ എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ മനോജ്കുമാർ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുജാത എസ് എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-07-2022 |
| ശ്രീമതി ജീന ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | Excess Of Income Over Expenditure തുക കൃത്യമല്ല | 1-1-1 |
| 3 | ഇ-ടെൻഡർ ഫീ പൂർണ്ണമായും ഡിമാന്റ് ചെയ്യില്ല | 1-1-2 |
| 4 | അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | തനത് വരുമാനം - അവലോകനം | 1-11 |
| 17 | വസ്തു നികുതി- അപാകതകൾ | 1-12 |
| 18 | വസ്തുനികുതി നിർണയത്തിലെ അപാകതകൾ | 1-12-1 |
| 19 | വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-12-2 |
| 20 | അനധികൃത നിർമ്മാണം - വിശദീകരണം ലഭ്യമാക്കിയില്ല. | 1-13 |
| 21 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-14 |
| 22 | സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല | 1-14-1 |
| 23 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14-2 |
| 24 | റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14-3 |
| 25 | IFTE&OS ലൈസൻസ് ഫീസ് - അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് | 1-15 |

| | | |
|---|---|---|
| 26 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല | 1-15-1 |
| 27 | ലൈസൻസ് ഫീസ് നിരക്ക് നിശ്ചയിച്ചതിലെ അപാകങ്ങൾ | 1-15-2 |
| 28 | പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള വാടക മുറികളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല | 1-15-3 |
| 29 | വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-15-4 |
| 30 | കെട്ടിട വാടക വരവ് - അപാകതകൾ | 1-16 |
| 31 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല. | 1-17 |
| 32 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവാക്കുന്നില്ല | 1-18 |
| 33 | Refund Of Unutilised Grants - നടപടി സ്വീകരിക്കേണ്ടതാണ് | 1-19 |
| 34 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-20 |
| 35 | അതിദാരിദ്രർക്കുള്ള മൈക്രോപ്ലാൻ മരുന്ന വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-20-1 |
| 36 | ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-21 |
| 37 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ-നിയമാനുസൃത വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-22 |
| 38 | ഇ-ടെണ്ടർ ഫീ സമയബന്ധിതമായി കൊമാറുന്നില്ല | 1-23 |
| 39 | പൊതുമരാമത്ത് പ്രവൃത്തി പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-24 |
| 40 | കിണർ നവീകരണം - ഐറ്റം തിരഞ്ഞെടുത്തതിലെ അപാകത | 1-25 |
| 41 | തെരുവ് വിളക്കുകളുടെ പരിപാലനം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-26 |
| 42 | വീട് വാസസയോഗ്യമാക്കൽ - അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും പണി ആരംഭിച്ചില്ല | 1-27 |
| 43 | ലൈഫ് ഭവന നിർമ്മാണം - തുക കൈപ്പറ്റിയവർ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നില്ല | 1-28 |
| 44 | ലൈഫ് മിഷൻ - എടുക്കാത്ത - വായ്പ - മുതൽ തിരിച്ചടവ് ( എസ് സി പി, ) തുക കുറവ് ചെയ്തത് സംബന്ധിച്ച്. | 1-29 |
| 45 | ലൈഫ് മിഷൻ വായ്പ - മുതൽ തിരിച്ചടവ് (ജനറൽ) - തുക കുറവ് ചെയ്തതിന്റെ കൃത്യത ഉറപ്പാക്കാനായില്ല. | 1-30 |
| 46 | അക്കൗണ്ടന്റ് കം ഐടി എക്സ്പേർട്ടിന്റെ വേതനം- സംബന്ധിച്ച്. | 1-31 |
| 47 | വിനിയോഗ വിവരം (ഐ.കെ.എം) ലഭ്യമായിട്ടില്ല. | 1-32 |
| 48 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി പൂർത്തിയായിട്ടില്ല. | 1-33 |

| | | |
|---|---|---|
| 49 | കാരുണ്യസ്പർശം - ഡയാലിസിസ് തുടർ ചികിത്സ പദ്ധതി - വിനിയോഗ വിവരം ലഭ്യമായിട്ടില്ല. | 1-34 |
| 50 | എസ്.എസ്.കെ. പദ്ധതി -പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല - മറ്റ് ന്യൂനതകൾ. | 1-35 |
| 51 | ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-36 |
| 52 | തെരുവ് വിളക്ക് പരിപാലനം - പദ്ധതി നിർവ്വഹണത്തിൽ അപാകങ്ങൾ. | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.07.2023 ലെ 4(1) -ാം നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26.07.2023 -ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 19.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 Excess Of Income Over Expenditure തുക കൃത്യമല്ല

Excess Of Income Over Expenditure (310900101) എന്ന ശീർഷകത്തിന്റെ നീക്കിയിരുപ്പ്, മുന്നിരുപ്പ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള Gross Surplus/Deficite എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-2 ഇ-ടെൻഡർ ഫീ പൂർണ്ണമായും ഡിമാന്റ് ചെയ്തില്ല

ഇ-ടെൻഡർ ഫീ സ്വീകരിക്കുന്നതിനായിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള എസ് ബി ഐ കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം.37704489113) 31.03.2023-ൽ ₹87,010.50/- (18.03.22ൽ കുറവ് ചെയ്ത ₹13,620/- ഉൾപ്പെടെ) നീക്കിയിരുപ്പുണ്ട്. എന്നാൽ, Other Receivables എന്ന ഹെഡിൽ ആകെ അക്കൗണ്ട് ചെയ്തിട്ടുള്ളത് ₹73,390/- (Current - ₹29250/-, Arrears - ₹44140/-) മാത്രമാണ്. ഇ-ടെൻഡർ ഫീ ഇനത്തിൽ ഡിമാന്റ് ചെയ്തതിൽ ₹13,620/- കുറവുണ്ട്.

### 1-1-3 അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-4 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1709916.00 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹53131464.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-5 വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതിയുടെ (റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ) ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്

ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള ബജറ്റ് 26.03.2022 ലെ 5(1)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. റിവൈസ് ചെയ്ത ബജറ്റ് പഞ്ചായത്ത് കമ്മറ്റിയുടെ 29.03.2023 ലെ 16(1)-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരുപ്പ് | ₹ 1,16,15,720.00 |
| വരവ് | ₹1429,24,860.00 |
| ആകെ | ₹15,45,40,580.00 |
| ചെലവ് | ₹14,75,80,642.00 |
| നീക്കിയിരുപ്പ് | ₹ 69,59,938.00 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214ൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും, സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹1,54,70,787.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹2,34,68,889.00 |
| ആകെ | : | ₹3,89,39,676.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹2,17,58,973.00 |
| നീക്കിയിരുപ്പ് | : | ₹1,71,80,703.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹1,23,52,000 | ₹1,23,52,000 | ₹1,12,40,517 | ₹11,11,483 | |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹18,43,000 | ₹18,43,000 | ₹17,22,390 | ₹1,20,610 | - |
| വികസന ഫണ്ട് (ടി.എസ്.പി) | - | 0 | 0 | 0 | 0 | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | ₹75,90,300 | ₹75,90,300 | ₹36,78,392 | ₹39,11,908 | - |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | ₹45,70,000 | ₹45,70,000 | ₹38,06,379 | ₹7,63,621 | - |
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) Bank | ₹47,813 | ₹21,74,639 | ₹22,22,452 | ₹21,66,831 | - | ₹55,621 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) Tresury | - | ₹7,86,489 | ₹7,86,489 | ₹6,00,000 | ₹1,86,489 | _- |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) Bank | ₹18,41,751 | ₹30,75,000 | ₹49,16,751 | ₹10,15,668 | 0 | ₹39,01,083 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) Treasury | - | ₹9,42,224 | ₹9,42,224 | ₹6,51,110 | ₹2,91,114 | -_ |
| അവെള്ളപ്പൊക്ക ദുരിതാശ്വാസ ഗ്രാന്റ് (320100192) | ₹79,820 | ₹2,268 | ₹82,088 | 0 | - | ₹82,088 |
| ഐ.സി.ഡി.എസ്. (320100196) | ₹2,50,269 | ₹8,33,762 | ₹10,84,031 | ₹6,00,000 | - | ₹4,84,031 |
| ശുചിത്വമിഷൻ (320100198) | ₹2,22,895 | 0 | ₹2,22,895 | ₹1,65,000 | - | ₹57,895 |
| Health Grant – Support For Diagnostic Infrastructure (320100202) | 0 | ₹2,32,696 | ₹2,32,696 | ₹39,591 | - | ₹1,93,105 |
| Health Grant – Building Less Subcentres, PHCs, CHCs (320100201) | 0 | ₹90,446 | ₹90,446 | 0 | - | ₹90,446 |
| ലൈഫ് സ്റ്റേറ്റ് ഷെയർ (320200399) | ₹10,400 | ₹8,64,093 | ₹8,74,493 | ₹265 | - | ₹8,74,228 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഗ്രാന്റ് 320200304 | ₹2,72,800 | 0 | ₹2,72,800 | ₹1,25,820 | - | ₹1,46,980 |

കുറിപ്പ്:

- വികസന ഫണ്ട് ജനറൽ വരവിലും, ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹11,68,699/- ഉൾപ്പെടുന്നുണ്ട്.
- വികസന ഫണ്ട് എസ്.സി.പി. വരവിലും, ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹5,04,341/- ഉൾപ്പെടുന്നുണ്ട്.
.ധനകാര്യകമ്മീഷൻ അവാർഡിന്റെ (Basic Grant - Bank) വരവിൽ ബാങ്ക് പലിശ ₹1,24,639/- ഉൾപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പാക്കിയത്. (എണ്ണം) | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ. (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ (%) |
|---|---|---|---|---|---|---|
| 161 | ₹8,84,64,579 | ₹2,95,46,810 | 109 | 6 | 46 | 67.70 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹201 | ₹10,73,046 | ₹10,73,247 | ₹10,73,247 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | ₹2,06,46,630 | ₹2,06,46,630 | ₹2,06,46,630 | - |
| ആകെ | ₹201 | ₹2,17,19,676 | ₹2,17,19,877 | ₹2,17,19,877 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | ₹27,12,000.00 | 206 |
| വിധവാ പെൻഷൻ | ₹59,20,400.00 | 525 |
| വാർദ്ധക്യകാല പെൻഷൻ | ₹1,69,39,800.00 | 1555 |
| വികലാംഗ പെൻഷൻ | ₹ 20,93,800.00 | 180 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹ 6,44,800.00 | 57 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹ 30,000.00 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2023 തീയതിയിൽ ഉച്ചയ്ക്ക് 3.00 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹33929/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1) പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല. നഷ്ടപ്പെട്ട എന്നാണ് അറിയിച്ചത്. രേഖകൾ ശ്രദ്ധയോടെ സൂക്ഷിക്കേണ്ടതാണ്.

2) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളുടെ നടത്തിപ്പ് പ്രോജക്റ്റിൽ വിഭാവനം ചെയ്തതുപോലെ നിർവ്വഹിക്കേണ്ടതാണ്.

3) ആസ്തി രജിസ്റ്ററിന്റെ പരിപാലനം പൂർണ്ണമായും തൃപ്തികരമല്ല. പഞ്ചായത്തിന്റെ കണക്കുകൾ സാംഖ്യയിലേക്ക് മാറ്റുന്നതിന് മുമ്പുള്ള ആസ്തി വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടില്ല.

4) നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുന്നുണ്ടെങ്കിലും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി നിരീക്ഷിക്കുകയോ, കൈമാറിയ തുക ക്രമീകരിക്കുകയോ ചെയ്യുന്നില്ല. നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

5) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ലഭിച്ചത് വിനിയോഗിക്കുകയോ, തിരിച്ചടയ്ക്കുകയോ ചെയ്യാതെ അവശേഷിക്കുന്നതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

6) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണം ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മേണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിംഗിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിംഗ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

7) ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ കെട്ടിട നമ്പറുകൾ സഞ്ചയ അസസ്മെന്റ് രജിസ്റ്ററുമായി

പൊരുത്തപ്പെടുന്നില്ല.
8) മറ്റ് നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന സിവിൽ വർക്കുകളുടെ എസ്റ്റിമേറ്റ്, മൂല്യനിർണ്ണയം എന്നിവ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് നൽകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2021 | ഒക്ടോബർ 2020 മുതൽ ഡിസംബർ 2021 വരെ | 28.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.07.2022 മുതൽ 30.07.2022 വരെ | 2017-18 മുതൽ 2021-22 വരെ | 14.09.2022 |

## 1-11 തനത് വരുമാനം - അവലോകനം

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ പാമ്പാക്കുട ബ്ലോക്കിലാണ് 29.48 ച.കി.മീറ്റർ വിസ്തൃതിയുള്ള ഇലഞ്ഞി പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 1953-ലാണ് ഈ ഗ്രാമപഞ്ചായത്ത് ഔദ്യോഗികമായി നിലവിൽ വന്നത്. ഇലഞ്ഞി പഞ്ചായത്തിൽ തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി-നികുതിയേതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ നികുതി പിരിവിന്റെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുന്നുണ്ടെങ്കിലും തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് നൽകുകയോ ചെയ്തിട്ടില്ല. വരുമാന വർദ്ധനവിന് ഉതകുന്ന മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും അവ ഭരണ സമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.
2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് (ജല വിതരണം, ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ജലവിതരണം, ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് മുതലായ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം സേവന നികുതി ഈടാക്കുന്നില്ല. പരാമർശിത സേവനങ്ങൾ പൊതുജനങ്ങൾക്കായി ആവശ്യാനുസരണം ലഭ്യമാക്കി സേവന ഉപനികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഭരണസമിതിയ്ക്ക് ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളാവുന്നതാണ്.
ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകാത്തതും പെർമിറ്റ് പുതുക്കാത്തതുമായ കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തദ്ദേശ സ്വയം ഭരണ (ആർ.എ) വകുപ്പിന്റെ നം.29342/RA1/2014 തീയതി 19.05.2014 സർക്കുലർ പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനം സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതും ചട്ടലംഘനങ്ങൾ പരിഹരിച്ച ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ച പ്രസ്തുത രജിസ്റ്റർ പരിശോധിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
മൂലധനം കൃത്യമായി അപേക്ഷ ഫോറങ്ങളിൽ രേഖപ്പെടുത്താത്തതിനാൽ ഈടാക്കുന്ന ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല .പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അക്ഷയകേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് പൂർണ്ണമല്ല. പൂർണ്ണമല്ലാത്ത/ അപാകതകയുള്ള അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി

സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവുകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.ഡാറ്റാ ബേസിൽ ലൈസൻസ് ഫീസ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ലൈസൻസ് ഫീസ് വിവരങ്ങൾ, പാരാമെഡിക്കൽ/ഹോസ്പിറ്റൽ രജിസ്ട്രേഷൻ വിവരങ്ങൾ,അംഗീകൃത കരാറുകാരുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ഡാറ്റാ ബേസ് തയ്യാറാക്കി ഡിമാന്റ് ചെയ്യുന്നത് വഴി നികുതി നികുതിയേതര പിരിവ് കാര്യക്ഷമമാക്കാൻ കഴിയും
സ്ഥാപനങ്ങൾ,ജീവനക്കാർ എന്നിവരിൽ നിന്ന് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിൽ ചെയ്യുന്നവർ,അഭിഭാഷകർ. മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ്ങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ എന്നിങ്ങനെയുള്ളവരിൽ നിന്ന് നികുതി ഈടാക്കുന്നില്ല. ഇത്തരത്തിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റ ബേസ് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവ കൂടുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളിലും വാടക കരാറിന്റെ സമയോചിതമായ പുതുക്കൽ അല്ലെങ്കിൽ വാർഷിക വാടക വർദ്ധനവ് സംവിധാനം നടപ്പിലാക്കുവാനും, കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി തനത് വരുമാനം വർദ്ധനവിലേക്കെത്തിക്കുന്നതിനുള്ള തുടർനടപടികൾക്ക് ശുപാർശ ചെയ്യുന്നു.
ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവ്വോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നത് ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

## 1-12 വസ്തു നികുതി- അപാകതകൾ

2011 കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5(അടിസ്ഥാന വസ്തുനികുതി നിർണ്ണയം) പ്രകാരം 4-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ പറയുന്ന ഉപയോഗ ക്രമത്തിനനുസരിച്ച് തരംതിരിക്കപ്പെടേണ്ടതാണ്. ആയത് സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-12-1 വസ്തുനികുതി നിർണയത്തിലെ അപാകതകൾ

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന നടത്തിയ പരിശോധനയിൽ കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണയച്ചീടാക്കിയിട്ടുള്ളതായി കാണുന്നു. നിലവിൽ ഈടാക്കുന്ന വസ്തു നികുതി വിവരങ്ങൾ (സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം 6 പ്രകാരം) താഴെ പട്ടിക 1-ൽ ചേർക്കുന്നു.

പട്ടിക 1

| ക്രമ നം. | ബിൽഡിംഗ് ഐ.ഡി. | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച:മീ) | നിലവിൽ ഈടാക്കുന്ന നികുതി നിരക്ക് (₹) | അടിസ്ഥാന വസ്തു നികുതി (₹) | അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ (₹) | അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ (₹) | ലൈബ്രറി സെസ്സ് 5% (₹) | നിലവിൽ ഈടാക്കുന്ന വാർഷിക വസ്തു നികുതി (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം) (₹) |
|---|---|---|---|---|---|---|---|---|
| 1 | 50691010 006876 | 207.24 | 50 | 10362 | 2072.4 (വഴി സൗകര്യം 20%) | 0 | 653 | 13710 |
| 2 | 50691010 007146 | 981.18 | 50 | 49059 | 0 | 9811.8/- (മേഖല10% (4905.9) + മേൽക്കൂര 10%(4905.9)) | 2061 | 43272 |

ഓഡിറ്റ് പരിശോധനയിൽ ഈ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകതയുള്ളതായി കാണുന്നു. യഥാർത്ഥത്തിൽ വസ്തു നികുതി താഴെ പട്ടിക 2-ൽ ചേർത്ത പ്രകാരമാണ് ഈടാക്കേണ്ടത്.

പട്ടിക 2

| ക്രമ നം. | ബിൽഡിംഗ് ഐ.ഡി. | കെട്ടിടത്തിന്റെ ആകെ | നിലവിൽ ഈടാക്കുന്ന | അടിസ്ഥാന വസ്തു | അടിസ്ഥാന വസ്തു | അടിസ്ഥാന വസ്തു | ലൈബ്രറി സെസ്സ് | ഈടാക്കേണ്ട വാർഷിക |
|---|---|---|---|---|---|---|---|---|

| | | വിസ്തീർണ്ണം (ച:മീ) | ഫീസ് നിരക്ക് (₹) | നികുതി (₹) | നികുതിയിൻ മേലുള്ള വർദ്ധനവുകൾ (₹) | നികുതിയിൻ മേലുള്ള ഇളവുകൾ (₹) | 5% (₹) | വസ്തു നികുതി (₹) |
|---|---|---|---|---|---|---|---|---|
| 1 | 50691010 006876 | 207.24 | 70 | 14,506.8 | 2,901.36 (വഴി സൗകര്യം 20%) | 0 | 870.408 | 18278.57 |
| 2 | 50691010 007146 | 981.18 | 70 | 68682.6 | 0 | 13736.52 /-(മേഖല10% (6868.26) + മേൽക്കൂര 10%(6868.26)) | 2747.304 | 57693.38 |

മേൽ പട്ടിക (1) ൽ സൂചിപ്പിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തെറ്റായി നികുതി നിർണയിച്ച് ഈടാക്കിയിതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 22.11.2023-ൽ നൽകിയ 30-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ഹാജരാക്കിയില്ല. പട്ടിക (1), (2) എന്നിവയിൽ പരാമർശിച്ചതു പ്രകാരം വാർഷിക വസ്തു നികുതിയിനത്തിൽ വർഷാവർഷം മേൽ വിവരിച്ച രണ്ട് കെട്ടിടങ്ങളിൽ നിന്നും ആകെ ₹18989.95 വീതം വസ്തു നികുതിയിനത്തിൽ കുറവ് വന്നിട്ടുള്ളതാണ്. കെട്ടിടങ്ങൾ നിർമാണം പൂർത്തീകരിച്ച് നികുതി നിലവിൽ വന്നത് മുതൽ നാളിതുവരെ ഈടാക്കിയ വസ്തു നികുതി സംബന്ധിച്ച് വിശദപരിശോധന നടത്തി മേൽ പട്ടിക പ്രകാരം കുറവ് വന്നിട്ടുള്ള തുക നിയമാനസൃതമായി ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-12-2 വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായി ഉപയോഗക്രമം രേഖപ്പെടുത്തിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | തറ വിസ്തീർണ്ണം (ച.മീ.) | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം, നികുതി നിരക്ക്(₹) | ലൈസൻസ് നമ്പർ, സ്ഥാപനം | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ഉപയോഗക്രമം, നികുതി നിരക്ക്(₹) |
|---|---|---|---|---|
| 11/341 | 120 | പാർപ്പിടാവശ്യം, 6/- | 08/2022-23 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ ; 50/- |
| 11/342 | 120 | പാർപ്പിടാവശ്യം, 6/- | 09/2022-23 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ ; 50/- |
| 11/327 | 56 | പാർപ്പിടാവശ്യം , 6/- | 09/2022-23 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ ; 30/- |
| 11/173 | 38.44 | പാർപ്പിടാവശ്യം, 6/- | 11/2022-23 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ ; 30/- |
| 13/407 | 70 | പാർപ്പിടാവശ്യം, 6/- | 11/2022-23 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ ; 30/- |

മേൽ പട്ടികയിൽ വിവരിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി നൽകി നികുതി നിർണ്ണയിച്ചീടാക്കി വരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 22.11.2023-ൽ നൽകിയ 30-ാം അന്വേഷണ കുറുപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയത് സംബന്ധിച്ച്

പരിശോധന നടത്തി വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-13 അനധികൃത നിർമ്മാണം - വിശദീകരണം ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ഇലഞ്ഞി വില്ലേജ് സർവ്വേ നമ്പർ 8/7-ബി,8/7-ബി2,8/8-2-2 എന്നിവയിൽ ഉൾപ്പെട്ട സ്ഥലത്ത് ഒരു ടാർ മിക്സിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കെ പി ബി ആർ 2019 പ്രകാരമുള്ള നിർമ്മാണാനുമതിക്കായി ശ്രീ എം പി ജോളി, മേലേത്ത് എന്ന വ്യക്തി നൽകിയ അപേക്ഷ (അപേക്ഷ നം.എ1-322/2022/05.05.22) സംബന്ധിച്ച് 15.09.2022-ൽ കളക്ടേറ്റ് കോൺഫ്രൻസ് ഹാളിൽ വച്ച് നടന്ന ബഹു. ജില്ലാ കളക്ടർ ചെയർമാനായ District Single Window Clearance യോഗത്തിൽ ടി സ്ഥാപനത്തിന് ആവശ്യമായ അനുമതികൾ ലഭിച്ചിട്ടുള്ളതിനാൽ 7 ദിവസത്തിനകം പഞ്ചായത്ത് പെർമിറ്റ് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണെന്ന് സെക്രട്ടറി അറിയിക്കുകയും 24.09.2022-ൽ നടത്തിയ ഭരണസമിതിയുടെ സാധാരണയോഗത്തിൽ വിഷയം വിശദമായി ചർച്ച ചെയ്യുകയും പ്ലാന്റ് പ്രവർത്തനം ആരംഭിച്ചാലുണ്ടാകുന്ന കെടുതികൾ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുമെന്നതും ഇതുമായി ബന്ധപ്പെട്ട് ജനങ്ങളുടെ പരാതികൾ ലഭിച്ചിട്ടുള്ളതും യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലും ടി സ്ഥാപനത്തിന് നിർമ്മാണാനുമതി, മെഷിനറി സ്ഥാപിക്കുന്നതിനുള്ള അനുമതി എന്നിവ നൽകേണ്ടതില്ല എന്ന് ഐകകണ്ഠേന തീരുമാനിച്ചിട്ടുള്ളതാണ്. പിന്നീട് ടി വിഷയം സംബന്ധിച്ച് 10.10.2022- സാധാരണയോഗത്തിൽ ചർച്ച നടത്തിയെങ്കിലും പുന:പരിശോധന ആവശ്യമില്ല എന്നും 24.09.2022 ലെ 14(1) നിർമ്മാണാനുമതി, മെഷിനറി സ്ഥാപിക്കുന്നതിനുള്ള അനുമതി എന്നിവ നൽകേണ്ടതില്ല എന്ന തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നതായും തീരുമാനിച്ചു. എന്നാൽ പ്രസ്തുത സ്ഥലത്ത് 20.11.2023 ൽ നടത്തിയ പരിശോധനയിൽ (സ്ഥല പരിശോധന റിപ്പോർട്ട് നമ്പർ 1 തീയതി 20.11.2022) പണി പൂർത്തീകരിച്ചിട്ടുള്ള ഗണം-ഐ യിൽ ഉൾപ്പെടുന്ന കെട്ടിട നിർമിതികൾ (Bitumen Drum Mix Plant – Hazardous Occupancy – Category I – Area:- 339.80 M2) കൂടാതെ വിശ്രമ മുറിയും ടോയിലറ്റ് ബ്ലോക്ക് (Rest Room With Toilet Block- Special Residential Occupency-category A2 – Area 50.80 M2), പ്ലാന്റ് പ്രവർത്തിക്കുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ, ഇൻസ്റ്റാൾ ചെയ്ത് വച്ചിട്ടുള്ള യന്ത്രങ്ങൾ (അപേക്ഷയോടൊപ്പമുള്ള ബിൽഡിംഗ് പ്ലാൻ പ്രകാരമുള്ളത്) എന്നിവ സ്ഥാപിച്ചിട്ടുള്ളതും പ്രവർത്തിക്കുന്നതാണെന്നും കാണുന്നു. കൂടതെ നിലവിൽ ടി നിർമ്മാണാനുമതിയില്ലാതെ നിർമിച്ച് പ്രവർത്തിക്കുന്ന ടാർ മിക്സിംഗ് പ്ലാന്റ്, അനധികൃത നിർമിതിയാണെന്നും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്നും വ്യക്തമാകുന്നു. ഈ വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് 21.11.2023-ൽ നൽകിയ 19-ാം നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ വിഷയം സംബന്ധിച്ച് വിശദ പരിശോധന നടത്തി നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-14 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ 2022-23 ലെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-14-1 സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

1-14-2 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 164 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നു. ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും കൂടുതൽ ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ

ഗവ.സ്ഥാപനങ്ങൾ ഉൾപ്പടെ ആകെ 75 സ്ഥാപനങ്ങളുടെ ലിസ്റ്റ് മാത്രമാണ് നിലവിലുള്ളത്. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർനടപ്പടി സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-14-3 റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായികാണുന്നില്ല. 2022-23 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 38 മരാമത്ത് പ്രവർത്തികൾക്കായി 12 കരാറുകാരുമായി കരറിലേർപ്പെട്ടിട്ടുള്ളതാണ്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേര് |
|---|---|
| 1 | മിഥുൻ സിറിയാക്ക് |
| 2 | കെ.പി. ബേബി |
| 3 | മിനിമോൾ പി.ജി. |
| 4 | ജെയിംസ് എം.ജെ |
| 5 | ആൻഡ്രൂസ് സി.വി. |
| 6 | എ.ജെ. ജോസഫ് |
| 7 | നീതു രതീഷൻ |
| 8 | സജി വർഗ്ഗീസ് |
| 9 | സാബു കെ.എ. |
| 10 | ഷാരൂൺ മുഹമ്മദ് |
| 11 | പൗലോസ് എം.വി. |
| 12 | ജോയി തോമസ് |

റേഷൻ കടകളുടെ നടത്തിപ്പുകാർ, മേൽ പട്ടികയിൽ വിവരിച്ച 12 കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 22.11.2023-ൽ നൽകിയ 29-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-15 IFTE&OS ലൈസൻസ് ഫീസ് - അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

### 1-15-1 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല

പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 13 വാർഡുകളിലായി വാണിജ്യവശ്യത്തിനുള്ളതും മറ്റും 1125 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് നികുതി ഈടാക്കുന്നുണ്ട്. എന്നാൽ 2022-23 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 164 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-15-2 ലൈസൻസ് ഫീസ് നിരക്ക് നിശ്ചയിച്ചതിലെ അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ 7,18,20,21എന്നീ ചട്ടങ്ങൾ പ്രകാരം പ്രസിഡന്റ് നൽകുന്ന ഏതൊരു ലൈസൻസിനും II,III,IV എന്നീ പട്ടികകളിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത നിരക്കിലുള്ള തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. മേൽ ചട്ടങ്ങൾക്കനുസരിച്ച്

ഗ്രാമപഞ്ചായത്തിൽ നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത് പ്രകാരം കുറഞ്ഞനിരക്കായി ₹500 ഈടാക്കാവുന്നതാണ് (10.05.2021 തീയതിയിലെ സാധാരണയോഗത്തിലെ 12/1 നമ്പർ തീരുമാനം) എന്നാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് പല സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ഈടാക്കിയതായി രേഖപ്പെടുത്തലുകൾ വന്നിട്ടുള്ളതാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് 21.11.2023-ൽ നൽകിയ 18-ാം നമ്പർ അന്വേഷണകുറിപ്പിന് ലഭ്യമായ മറുപടിയിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയപ്പോൾ ക്ലറിക്കൽ മിസ്റ്റേക്ക് മൂലം തെറ്റ് സംഭവിച്ചതാണ് എന്നാണ്. അപാകതകൾ പരിഹരിക്കേണ്ടതും മേൽ ചട്ടങ്ങൾക്കനുസരിച്ച് ഫീസ് നിശ്ചയിച്ച് വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-15-3 പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള വാടക മുറികളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല

വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 20 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വാടക മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കൊന്നും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടില്ലാത്തതാണ്.
പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക മുറികളിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനാവശ്യമായ മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-15-4 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല. എന്നാൽ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന കല്ലാനിസ് സൂപ്പർ ഷോപ്പി, കല്ലാനി സിൽക്സ്, കല്ലാനിസ് ജ്വല്ലറി എന്നീ സ്ഥാപനങ്ങൾ ബഹുനില വ്യാപാര വ്യവസായങ്ങളുടെ നടത്തിപ്പിന് ആവശ്യമായ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 21.11.2023 -ൽ നൽകിയ 18-ാം നമ്പർ അന്വേഷണകുറിപ്പിന് ലഭ്യമായ മറുപടിയിൽ ടി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നവയാണ് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നു. അപാകത സംബന്ധിച്ച് വിശദ പരിശോധന നടത്തേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് കൂടാതെ യാതോരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയത് സംബന്ധിച്ച വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-16 കെട്ടിട വാടക വരവ് - അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 256, ബൈലോകളും അവയുടെ ലംഘനത്തിനുള്ള ശിക്ഷകളും പ്രകാരം ആക്ടിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബൈലോകൾ ഉണ്ടാക്കാവുന്നതാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട ബൈലോ ഓഡിറ്റിൽ ലഭ്യമാക്കത്തതിനെ തുടർന്ന് പ്രസ്തുത ബൈലോ ഹജരാക്കുവാൻ ആശ്യപ്പെട്ട് 18.11.2023 ൽ നൽകിയ 4-ാം നമ്പർ അന്വേഷണകുറിപ്പിന് ലഭ്യമായ മറുപപടിൽ ബൈലോ പ്രസിദ്ധീകരിച്ചിട്ടില്ലായെന്നും ബൈലോ ഉടൻ പ്രസിദ്ധീകരിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിരുന്നത്. ആയത് സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-17 പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങിൻമേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ,വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിൻമേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. ചട്ടപ്രകാരമുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് 18.11.2023-ൽ നൽകിയ 3-ാം നമ്പർ അന്വേഷണകുറിപ്പിന് ചട്ടപ്രകാരമുള്ള പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് ഗ്രാമപഞ്ചായത്തിൽ നളിഇവരെ നടത്തിയിട്ടില്ല എന്നും മേൽ അപാകത പരിഹരിക്കുന്നതിനായി ആവശ്യമായ നടപടികൾ

സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. ആയത് സംബന്ധിച്ച് ഉചിതമായ തുടർ നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-18 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവാക്കുന്നില്ല

2021-22 വാർഷികധനകാര്യപത്രികയിലെ B4 ഷെഡ്യൂൾ പ്രകാരം ചെലവാക്കാതെ അവശേഷിച്ചിരുന്ന ചില ഗ്രാന്റുകൾ 2022-23 വാർഷികധനകാര്യപത്രികയിലെ B4 ഷെഡ്യൂളിലും ചെലവാക്കാതെ നീക്കിയിരുപ്പായി കാണിച്ചിട്ടുണ്ട്. 2021-22 ലോ, അതിന്റെ മുൻവർഷങ്ങളിലോ ലഭിച്ച പ്രസ്തുത ഗ്രാന്റുകൾ 2022-23 വർഷത്തിലും പ്രോജക്ട് തയ്യാറാക്കി വിനിയോഗിക്കാത്തതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 10/20.11.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാന്റ് തുക വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗ്രാന്റ് ലഭ്യമാക്കിയ ഏജൻസിയിലേക്ക് തുക തിരികെ അടവാക്കേണ്ടതാണ്. പ്രോജക്ടുകൾ നടപ്പിലാക്കി തുക ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്. ഗ്രാന്റിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | അക്കൗണ്ട് ഹെഡ് | ഗ്രാന്റ് | ഗ്രാന്റ് ലഭിച്ച വർഷം | തുക |
|---|---|---|---|---|
| 1 | 320300199 | കില ട്രെയിനിംഗ് | 2020-21 | ₹31,393/- |
| 2 | 320100199 | കേരളോത്സവം | 2021-22 | ₹4,666/- |

1-19 Refund Of Unutilised Grants - നടപടി സ്വീകരിക്കേണ്ടതാണ്

ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യ പത്രികയിലെ B9 ഷെഡ്യൂൾ പ്രകാരം Refunds Of Unutilised Grants Prior Period (350400999) എന്ന ശീർഷകത്തിൽ ₹2,13,932/ അക്കൗണ്ട് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ ടിഎസ്ബി അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റാവാതെ ട്രഷറി സസ്പെൻസ് അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ ടിഎസ്ബി അക്കൗണ്ടിൽ തന്നെ EPOC (Electronic Process Of Clearing Bills) ആയി ലഭിച്ചതാണിത്. ടി തുക ഏത് പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച തുകയാണെന്നും, ആയത് ബന്ധപ്പെട്ട ഗുണഭോക്താവിന്റെ കൃത്യമായ അക്കൗണ്ടിലേക്ക് നൽകുന്നതിന് നടപടി സ്വീകരിക്കാത്തതിനും വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 9/19.11.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ തുക ബന്ധപ്പെട്ട ഗുണഭോക്താവിന്റെ കൃത്യമായ അക്കൗണ്ടിലേക്ക് നൽകുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി എച്ച് സി ലേക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പിഎച്ച് സി |
| പ്രോജക്ടിന്റെ നം. | 20/23 |
| അടങ്കൽ തുക / ഫണ്ട് | 250000/-<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് തുക/ ബിൽ നം തിയതി | 89672/-, 6/2022 19.07.22<br>63800/-, 19/2022 18.10.22<br>61374/-, 26/2022 26.10.22<br>35154/-, 24/2022 24.11.22 |

2022-23 വർഷം പി എച്ച് സി ലേക്ക് മരുന്ന വാങ്ങൽ പ്രോജക്ടുമായി ബന്ധപ്പെട്ട് ജൻഔഷധിയിൽ നിന്നും മരുന്ന് വാങ്ങിയതിൽ ബിൽ നം 24/2022 തീയതി 24.11.22 പ്രകാരമുള്ള 35154/-രൂപയുടെ മരുന്നുകൾ ലഭിച്ചതായുള്ള ജി എസ് ടി ഇൻവോയ്സ് ഫയലിൽ കാണുന്നില്ല. ആയതിനാൽ 35154/-രൂപയ്ക്കുള്ള മരുന്നുകൾ ജൻഔഷധി,ഇലഞ്ഞിയിൽ നിന്നും ലഭ്യമായോ എന്ന് വ്യക്തമല്ല. ലഭ്യമായിട്ടുണ്ടെങ്കിൽ ജി എസ് ടി ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സഹിതം വിവരം അറിയിക്കേണ്ടതാണ്. കൂടാതെ സ.ഉ(കൈ)നം 115/2022 ത.സ്വ.ഭ.വ തീയതി 28.05.2022 മാർഗ്ഗരേഖ ഖണ്ഡിക നം 7.6.4(1) പ്രകാരമുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും ഫയലിൽ ലഭ്യമല്ല. അപാകതകൾക്കുള്ള മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 15/21.11.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 35154/-രൂപയ്ക്കുള്ള മരുന്നുകൾ ലഭിച്ചതായുള്ള ജി എസ് ടി ഇൻവോയ്സ് ലഭ്യമാക്കുന്നതുവരെ ടി തുക തടസ്സപ്പെടുത്തുന്നു.

## 1-20-1 അതിദാരിദ്ര്യർക്കുള്ള മൈക്രോപ്ലാൻ മരുന്ന വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അതിദാരിദ്ര്യർക്കുള്ള മൈക്രോപ്ലാൻ മരുന്ന വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പിഎച്ച് സി |
| പ്രോജക്ട് നം. | 160/23 |
| അടങ്കൽ തുക / ഫണ്ട് | ₹50000/- / (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് തുക/ ബിൽ നം., തിയതി | ₹38670/- 32/2023, 09.01.2023<br>₹11330/- 41/2023, 08.03.2023 |

2022-23 വർഷം അതിദാരിദ്ര്യർക്കുള്ള മൈക്രോപ്ലാൻ പ്രോജക്ടുമായി ബന്ധപ്പെട്ട് ജൻഔഷധിയിൽ നിന്നും മരുന്ന് വാങ്ങിയതിൽ ബിൽ നം 32/2023 തീയതി 09.01.2023 പ്രകാരമുള്ള ₹38670/-യുടെ മരുന്നുകൾ ലഭിച്ചതായുള്ള ജി എസ് ടി ഇൻവോയ്സ് ഫയലിൽ കാണുന്നില്ല. ആയതിനാൽ ₹38670/-യ്ക്കുള്ള മരുന്നുകൾ ജൻഔഷധി, ഇലഞ്ഞി യിൽ നിന്നും ലഭ്യമായോ എന്ന് വ്യക്തമല്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ജി എസ് ടി ഇൻവോയ്സ് സഹിതം വിവരം അറിയിക്കേണ്ടതാണ്. കൂടാതെ സ.ഉ.(കൈ)നം.115/2022 തസ്വഭവ തീയതി.28.05.2022 മാർഗ്ഗരേഖ ഖണ്ഡിക നം 7.6.4(1) പ്രകാരമുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും ഫയലിൽ ലഭ്യമല്ല. അപാകതകൾക്കുള്ള മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 14/21.11.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭിച്ചതായുള്ള ജി എസ് ടി ഇൻവോയ്സ് ലഭ്യമാക്കുന്നതുവരെ ₹38670/- തടസ്സപ്പെടുത്തുന്നു.

## 1-21 ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി എച്ച് സി ആവർത്തനചെലവുകൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രോജക്ടിന്റെ നം. | 106/23 |
| അടങ്കൽ തുക / ഫണ്ട് | 1,75,000/-<br>(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് തുക/ ബിൽ നം തീയതി | ₹20161/-20/18.10.22<br>₹58434/-13/17.08.22<br>₹23990/-38/15.02.23<br>₹32257/-31/9.01.23<br>₹22622/-42/15.03.23<br>₹6018/-45/20.03.23<br>₹11518/-25/24.11.22 |

പി എച്ച് സി ആവർത്തന ചെലവുകൾക്ക് പ്രോജക്ട് പ്രകാരം ₹1,75,000/- ചെലവുവന്നതായി കാണുന്നു. എന്നാൽ ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ ബിൽ നം.25/24.11.22 പ്രകാരം ₹11518/-യുടെ ചെലവ് നടത്തിയതിന്റെ പരിശോധനക്കായി രേഖകൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ പരിശോധനക്കായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 13/21.11.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ₹11518/-യുടെ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-22 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ-നിയമാനുസൃത വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| പ്രോജക്ട് നം. | 156/23 |
| അടങ്കൽ തുക / ഫണ്ട് | 229094/- രൂപ., (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് തുക/ ബിൽ നം തിയതി | 39591/-രൂപ.<br>16639/- 220/2023 28.2.23<br>22952/- 267/2023 20.3.23 |

ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന മേൽ പ്രോജക്ട് പ്രകാരം എ.ബി.സി ഡയഗ്നോസ്റ്റിക് പ്രൈ. ലിമിറ്റഡ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് ബിൽ നം.220/2023 28.02.23 പ്രകാരം 16,639/- രൂപയും, ബിൽ നം 267/2023/20.3.23 പ്രകാരം എ.ബി.സി ഡയഗ്നോസ്റ്റിക് പ്രൈ. ലിമിറ്റഡ്, കോട്ടയം എന്ന സ്ഥാപനത്തിന് 10,968/- രൂപയും, ദീപം മെഡി ടെക്ക് പ്രൈ.ലിമിറ്റഡ്, ഡൽഹി എന്ന സ്ഥാപനത്തിന് 11984/- രൂപയും നൽകിയത് ഉൾപ്പെടെ ആകെ 39,591/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 15,000/- മുതൽ 1,00,000/- രൂപ വരെയുള്ള പർച്ചേസുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്വർമെൻറ് മാന്വൽ പ്രകാരം (സ.ഉ(അ) നം.259/2010/ത.സ്വ.ഭ.വ തീ.08.11.2010) 5000/- മുതൽ 25000/-രൂപ വരെയുള്ള പർച്ചേസുകളും ക്വട്ടേഷൻ മുഖേന നടത്തണമെന്നിരിക്കെ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങൽ നടത്തിയതായി ഫയലിൽ കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/21.11.23) മറുപടി ലഭ്യമാക്കിയില്ല. വാങ്ങലുകൾക്ക് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഇ-ടെണ്ടർ ഫീ സമയബന്ധിതമായി കൊമാറുന്നില്ല

സർക്കാരിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ഇ-ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയറുടെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീസിനത്തിലുള്ള തുക ക്രെഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം ആരംഭിച്ച സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുത്തോലപുരം ശാഖയിലെ 37704489113ാം നമ്പർ കറന്റ് അക്കൗണ്ടിലേക്ക് ടെൻഡർ ഫീസ് ക്രെഡിറ്റായിട്ടുണ്ടെങ്കിലും പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. 18-03-2022 തീയതിയിൽ ₹33174.50/-യും 23-03-2023 തീയതിയിൽ ₹73390.50/-യും പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഇത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

പ്രസ്തുത അക്കൗണ്ടിൽ നിന്നും 18/03/2023 ൽ ₹13620/- MAB ചാർജായും, 18/03/2023 ൽ ₹1952/-യും, 12/03/2023 ൽ ₹649/-യും അകൗണ്ട് കീപ്പിഗ് ചാർജായും ബാങ്ക് പിൻവലിച്ചതായി കാണുന്നു. സീറോ ബാലൻസ് അക്കൗണ്ടിൽ നിന്നും ബാങ്ക് പിൻവലിച്ച തുക തിരികെ ലഭ്യമാക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.7/18.11.23 നൽകിയതിനുള്ള മറുപടിയിൽ തുടർനടപടി സ്വീകരിക്കാം എന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും, അക്കൗണ്ടിൽ നിന്നും കുറവ് ചെയ്ത ബാങ്ക് ചാർജുകൾ തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-24 പൊതുമരാമത്ത് പ്രവൃത്തി പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ (കൈ) നം.84/2022/തസ്വഭവ തീയതി 19-04-2022 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിൽ ഖണ്ഡിക നമ്പർ 14(7) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ സംക്ഷിപ്തവിവരം അടങ്ങിയ ഒരു ബോർഡ് അതാത് പണി സ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997-ലെ കേരളപഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3)- ൽ പ്രതിപാദിച്ചിരിക്കുന്ന വിവരങ്ങൾ

അടങ്ങിയിരിക്കേണ്ടതുമാണ്.പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ പേര്,വർഷം,ചെലവഴിച്ച തുക,ഫണ്ടിന്റെ ഇനം,തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്‌പ്ളേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ആയതിന് വേണ്ട തുക എസ്റ്റിമേറ്റിലുൾപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്റ്റ് നിർവഹണത്തിൽ മേൽ പരാമർശിച്ച നടപടിക്രമം പാലിച്ചതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം 6/18.11.23 നുള്ള മറുപടിയിൽ ആയത് ശ്രദ്ധിക്കാമെന്നറിയിച്ചിട്ടുണ്ട്.

## 1-25 കിണർ നവീകരണം - ഐറ്റം തിരഞ്ഞെടുത്തതിലെ അപാകത

അസി.എഞ്ചിനിയർ നടപ്പിലാക്കിയ പൊതുകിണർ നവീകരണം വാർഡ് 4 പ്രോജക്ട് (175/23, അടങ്കൽ - ₹118269/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (അൺടൈഡ്)) ചെലവ്-₹115957/-328/30.3.23) ടി.എസ്.നം.LSGD/CELSGD/EST.103951/2022, കരാറുകാരൻ ഷാരോൺ മുഹമ്മദ്, കരാർ നം. 16/AE/LSGD/EJLI/22-23) ഫയൽ പരിശോധിച്ചതിൽ കിണറിന്റെ മുകളിൽ എം.എസ് ഗ്രിൽ നെറ്റ് സ്ഥാപിച്ചതിൽ ജനലുകൾക്ക് ബാധകമായ ഐറ്റമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിനു പകരം തെരഞ്ഞെടുക്കേണ്ടിയിരുന്നത് സ്റ്റീൽ ഫ്രയിം വർക്ക് എന്ന ഐറ്റമായിരുന്നു. ഇതു പ്രകാരം അധികം നിരക്ക് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തെരഞ്ഞെടുത്ത ഐറ്റം | Providing And Fixing M.S Grill Of Required Pattern In Frame Of Window. 1Kg @194.59 |
| തെരഞ്ഞെടുക്കേണ്ടിയിരുന്ന ഐറ്റം | Steel Work /Frame Work Cutting,hosting,fixing Etc.1kg @ 154.18 |

തെറ്റായ ഐറ്റം തെരഞ്ഞെടുത്തതു മൂലം ഉപയോഗിച്ചതുമൂലം 110.46 കിലോ സ്റ്റീൽ വർക്ക് കിലോഗ്രാമിന് 40.41 രൂപാ വീതം അധികമായി അധികമായി നൽകേണ്ടിവന്നു. ആയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.27/22.11.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്റ്റീൽ വർക്ക് ഫ്രേയിമുള്ള കമ്പിക്കു പകരം വിൻഡോ വർക്ക് ഫ്രേയിമുള്ള കമ്പി ഉപയോഗിച്ചതിനുള്ള സാഹചര്യം വ്യക്തമാക്കുന്നതുവരെ അധികമായി നൽകിയ ₹4463/- തടസ്സപ്പെടുത്തുന്നു.

## 1-26 തെരുവ് വിളക്കുകളുടെ പരിപാലനം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ₹368490/- കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ, തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പലതും പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1) 12.03.2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. എന്നാൽ മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, Burnig Hours എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നത് ഒഴിവാക്കുവാനും അടക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യത കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

2) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണമെന്നുമാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/ത.സ്വ.ഭ.വ തീ.15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേടായ തെരുവ് വിളക്കുകൾ ശരിയാക്കിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം എ.എം.സി തുക നൽകുകയാണ് ചെയ്തു വരുന്നത്. ആയതിനും വിശദീകരണം നൽകേണ്ടതാണ്.

മേൽ അപാകതകളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/21.11.23 ന് മറുപടി ലഭ്യമാക്കിയില്ല. വിശദീകരിണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-27 വീട് വാസസയോഗ്യമാക്കൽ - അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും പണി ആരംഭിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S0123/23 |
| പ്രോജക്ടിന്റെ പേര് | വീട് വാസസയോഗ്യമാക്കൽ (ജനറൽ) |
| അടങ്കൽ, ഫണ്ട് | ₹19,50,000/-<br>വികസനഫണ്ട് (പൊതുവിഭാഗം - ₹13,73,906/-<br>തനതുഫണ്ട് - ₹5,76,094/- |
| ചെലവ് | ₹13,65,000/-<br>(വികസനഫണ്ട് (പൊതുവിഭാഗം) - ₹12,75,000/-<br>തനതുഫണ്ട് - ₹90,000/-) |
| ബിൽ നം. / വൗച്ചർ നം.,തീയതി | 03/30.12,23, 04/13.01,23, 05/16.09.23, 06/19.01,23<br>07/28.01,23, 08/03.02.23, 09/03.02.23, 10/16.02.23<br>11/17.02.23, 12/17.02.23, 13/28.02.23, 14/28.02.23<br>15/16.03.23, 19/28.03.23<br>22200904/26.03.23,<br>22200926/31.03.23<br>22200927/31.03.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ. ഉ. (കൈ) നം. 115/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 6.7.4 ഖണ്ഡിക പ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് പരമാവധി ₹100000/- നൽകാവുന്നതാണ്. ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി വിഭാഗം ഓവർസീയർ സാക്ഷ്യപ്പെടുത്തി കരാറിലേർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാം. പണി പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി ബാക്കി തുക അനുവദിക്കാം. മേൽ സൂചിപ്പിച്ച പ്രോജക്റ്റ് പ്രാകാരം പൊതുവിഭാഗത്തിൽപ്പെട്ട 45 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി ₹30000/- വീതവും, തങ്കമ്മ മോഹനൻ (പെരുന്താറ്റതറയിൽ, ആലപുരം, ഇലഞ്ഞി) എന്ന ഗുണഭോക്താവിന് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹15000/- നൽകിയിട്ടുണ്ട്. എന്നാൽ, തങ്കമ്മ മോഹനൻ എന്ന ഗുണഭോക്താവിന്റെ ഭവന പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി വിഭാഗം ഓവർസീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച് അസി.എഞ്ചിനീയർ മൂല്യ നിർണ്ണയം നടത്തുകയും ചെയ്തിട്ടില്ല. കൂടാതെ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.16/21.11.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിർമ്മാണം പൂർത്തീകരിച്ച് അസി. എഞ്ചിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവന നിർമ്മാണം - തുക കൈപ്പറ്റിയവർ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷത്തിൽ നടപ്പിലാക്കിയ "ലൈഫ്" ഭവനപദ്ധതിയുടെ പുരോഗതി വിവരങ്ങൾ പരിശോധിച്ചതിൽ പദ്ധതി പ്രകാരം കരാറിലേർപ്പെട്ട ഏതാനും ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ നാളിതുവരെ പിന്നീടുള്ള ഗഡുക്കൾക്ക് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ഭവനനിർമ്മാണത്തിന്റെ സ്റ്റേജ് | ഇതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|
| A) ലൈഫ് ഭവനനിർമ്മാണം എസ്.സി.പി. (S0072/23) | | | |
| 1, | ബാബു എം ജി,<br>മാഞ്ഞിലേട്ട് | റൂഫ് ലെവൽ | ₹3,40,000/- |
| 2, | വിമല ബാലകൃഷ്ണൻ,<br>പുളിയംമാക്കിൽ | ലിന്റൽ ലെവൽ | ₹3,00,000/- |
| B) ലൈഫ് ഭവനനിർമ്മാണം എസ്.സി.പി. (S0051/23) | | | |
| 3, | ഷിബു കെ വി,<br>ചെമ്പകശ്ശേരിൽ | റൂഫ് ലെവൽ | ₹3,50,000/- |
| C) ലൈഫ് ഭവനനിർമ്മാണം എസ്.സി.പി. (S0051/23) | | | |

| | | | |
|---|---|---|---|
| 4, | ശാരിക സി കെ, കുന്നപ്പിള്ളിൽ | റൂഫ് ലെവൽ | ₹3,50,000/- |

ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം, കരാർ പ്രകാരമുള്ള നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുകയോ ഗുണഭോക്താക്കൾ തുടർന്നുള്ള ഗഡുക്കൾക്ക് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ, ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 11/20.11.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-29 ലൈഫ് മിഷൻ - എടുക്കാത്ത - വായ്പ - മുതൽ തിരിച്ചടവ് ( എസ് സി പി, ) തുക കുറവ് ചെയ്തത് സംബന്ധിച്ച്.

പ്രോജക്ട് നമ്പർ.201/23 തുക : ₹252170/-

പ്രോജക്ട് നമ്പർ.200/23 :തുക : ₹252171/-

ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ജി.ഒ. പ്രോജക്ടുകൾ പ്രകാരം 2022-23 - ൽ സർക്കാർ ഉറവിടത്തിൽ 2 തവണ വീതം കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് വായ്പ എടുത്തതിന്റെ വിവരങ്ങളും നാളിതുവരെ അടവാക്കിയ തുകയുടെ കണക്കുകളും ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത വിഷയം പഞ്ചായത്ത് അധികൃതരുമായി ചർച്ച ചെയ്തതിൽ പഞ്ചായത്തിൽ എസ്.സി.പി ഇനത്തിൽ ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് യാതൊരുവിധ വായ്പയും എടുത്തിട്ടില്ല എന്നറിയിച്ചു. അപ്രകാരമാണെങ്കിൽ സർക്കാർ ഉറവിടത്തിൽ നിന്നും മേൽ ചേർത്ത പ്രകാരം കുറവ് ചെയ്ത തുക ശരിയായ നടപടിക്രമമല്ല. ആയതിനാൽ ഇക്കാര്യം ഭരണസമിതി ചർച്ച ചെയ്ത് പഞ്ചായത്തിന് ലഭിക്കാനർഹതപ്പെട്ട തുകയാണെങ്കിൽ ആവർത്തനചെലവ് ഒഴിവാക്കുന്നതിനായി ആയത് തിരികെ ലഭിക്കുന്നതുനുള്ള തുടർ നടപടികൾ സർക്കാർ തലത്തിൽ നേരിട്ട് ശ്രദ്ധയിൽപെടുത്താവുന്നതാണ്. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-30 ലൈഫ് മിഷൻ വായ്പ - മുതൽ തിരിച്ചടവ് (ജനറൽ) - തുക കുറവ് ചെയ്തതിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവായി ഓഡിറ്റ് വർഷം താഴെ ചേർത്ത പ്രകാരം സർക്കാർ ഉത്ഭവത്തിൽ നിന്നും തുക കുറവ് ചെയ്തിട്ടുണ്ട്.

| പ്രോജക്ട് നം | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് -ഇനം | തുക |
|---|---|---|
| 199/23 | ജനറൽ | 233949 |
| 185/23 | ജനറൽ | 233950 |

ലൈഫ് ഭവന പദ്ധതി ആരംഭിച്ചതിനുശേഷം 2018-19 മുതൽ KURDFC/HUDCO വായ്പയായി ലഭിച്ചിട്ടുള്ളതും വിവിധ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി അനുവദിച്ചതുമായ തുകകൾ ഘട്ടം ഘട്ടമായാണ് പദ്ധതി വിഹിതം അനുവദിക്കുമ്പോൾ ഉറവിടത്തിൽ നിന്നും സർക്കാർ തിരിച്ചീടാക്കുന്നത്. എന്നാൽ നാളിതുവരെ എത്ര രൂപയാണ് ലോണിനത്തിൽ അനുവദിച്ചതെന്നും അതിൽ എത്ര രൂപ ഗുണഭോക്താക്കൾക്ക് അനുവദിച്ചുവെന്നും, നാളിതുവരെ എത്ര രൂപയാണ് തിരിച്ചടവാക്കിയതെന്നതിന്റെയും കണക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലൈഫ് ഭവന പദ്ധതിക്കായി ഉത്ഭവത്തിൽ കുറവ് ചെയ്യുന്ന തുകയുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ലോൺ രജിസ്റ്റർ കാലികമാക്കി രേഖകൾ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-31 അക്കൗണ്ടൻറ് കം ഐടി എക്സ്പേർട്ടിന്റെ വേതനം- സംബന്ധിച്ച്.

പ്രൊജക്ട് നമ്പർ. - 83/23
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തിയത് - ₹30000/- വികസന ഫണ്ട് (ജനറൽ)
ചെലവ് - ₹30000/- വികസന ഫണ്ട് (ജനറൽ)

അക്കൗണ്ടൻറ് കം ഐടി എക്സ്പേർട്ടിന്റെ വേതനം നൽകുന്നതിനായി 30000/-രൂപ ബിൽ നം.22120652080900771981 തീയതി.14/11/2022 പ്രകാരം പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർക്ക് നൽകുകയുണ്ടായി. തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/21.11.2023) മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാകുന്ന മുറക്ക് അറിയിക്കേണ്ടതാണ്. അതുവരെ ₹30000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-32 വിനിയോഗ വിവരം (ഐ.കെ.എം) ലഭ്യമായിട്ടില്ല.

ഐ.കെ.എം -ന് പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ പറയുന്ന തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹45,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 84/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹45,000/- വികസന ഫണ്ട് (ജനറൽ) |
| ചെലവ്<br>ബിൽ നം. / തിയ്യതി | ₹45,000/- വികസന ഫണ്ട് (ജനറൽ)<br>22112065208090077l979/14.11.22 |

തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ₹45,000/- തടസ്സപ്പെടുത്തുന്നു.

## 1-33 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി പൂർത്തിയായിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ. |
| പ്രോജക്ടിന്റെ നം | 34/23 |
| അടങ്കൽ തുക / ഫണ്ട് | ₹200,000/-, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ബിൽ നം,തിയതി | ₹200,000/-, 2212065209930l190205/തീയതി.15.02.2023. |

2022-23 വർഷം ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ പ്രൊജക്ടിനായി ഹോംകോയിലേക്ക് അടവാക്കിയ ₹2,00,000/-യുടെ മരുന്നുകൾ മുഴവനായി ലഭ്യമായിട്ടില്ല. ഇൻവോയിസ് നം.LF 959/12108.2023 പ്രകാരം ₹96555/-യുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകളാണ് പരിശോധനക്കായി ലഭ്യമാക്കിയത്. ശേഷിക്കുന്ന ₹103445/-യുടെ മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹103445/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നമുറക്ക് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-34 കാരുണ്യസ്പർശം - ഡയാലിസിസ് തുടർ ചികിത്സ പദ്ധതി - വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

പ്രോജക്ട് നം. : 107/23

പ്രോജക്ടിന്റെ പേര് : കാരുണ്യസ്പർശം - ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സാ സഹായം .

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : ₹54000/- (വികസന ഫണ്ട്-ജനറൽ)

ചെലവ് : ₹11750/- (വികസന ഫണ്ട്-ജനറൽ)

ബിൽ നം.തീയതി. ലഭ്യമാക്കിയിട്ടില്ല

മേൽ പ്രോജക്ട് സംയുക്തമായി ജില്ലാ പഞ്ചായത്തും, ഗ്രാമ പഞ്ചായത്തും ചേർന്ന് നിർദ്ധരരായ രോഗികൾക്ക് ഡയാലിസിസ് തുടർ ചികിത്സ നൽകുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതാണ്. പ്രോജക്ട് നിർവ്വഹണം നടത്തിയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/22.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ₹11750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാകുന്നമുറക്ക് അറിയിക്കേണ്ടതാണ്.

## 1-35 എസ്.എസ്.കെ. പദ്ധതി -പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ

സ്വീകരിച്ചിട്ടില്ല - മറ്റ് ന്യൂനതകൾ.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 95/23 | 96/23 |
| അടങ്കൽ | ₹100000/-(വികസനഫണ്ട്-ജനറൽ) | ₹50000/-(വികസനഫണ്ട്-എസ്.സി.പി) |
| ചെലവ് | ₹100000/- | ₹50000/- |
| ബിൽ നം. / തീയതി | 2212065200100101 2059/ 07.01.2023 | 2212065200100101 2068/ 07.01.2023 |

സർക്കാർ മാർഗ്ഗരേഖ [സ.ഉ.(കൈ)നം.84/22/തസ്വഭവ.തി.19.01,2022] പ്രകാരം എസ്.എസ്.കെ.ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ ഡയറക്ടർ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഉണ്ടായിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതമാണ് മേൽ ബില്ലുകൾ പ്രകാരം എസ്.എസ്.കെയ്ക്ക് കൈമാറിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നത് സംബന്ധിച്ചും വിശദമായ വിനിയോഗ വിവരങ്ങൾ സംബന്ധിച്ചും ഉള്ള രേഖകൾ പദ്ധതി പൂർത്തിയാകുന്നമുറക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ജനറൽ വിഭാഗത്തിന് വകയിരുത്തിയതും നൽകിയതുമായ തുകയുടെ പകുതിയോളം തുക വീണ്ടും എസ്.സി.പി വിഭാഗത്തിനായി നൽകിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ജനറൽ വിഭാഗത്തിലുള്ള സ്കൂൾ കുട്ടികളുടെ എണ്ണവും, എസ്.സി വിഭാഗത്തിലുള്ളവരുടെ കണക്കും ലഭ്യമാക്കേണ്ടതും തുക പ്രസ്തുത വിഭാഗങ്ങൾക്ക് തന്നെ ഉപയോഗപ്പെടുത്തിയോ എന്നും അറിയിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം.32/22.11.2023). മറുപടിയുടെയും വിശദമായ വിനിയോഗ വിവരങ്ങളുടെയും അഭാവത്തിൽ ₹1,50,000/- തടസ്സപ്പെടുത്തുന്നു.

1-36 ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ : 2 /23 .
പ്രോജക്ടിന്റെ പേര് : കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, മാറ്റി സ്ഥാപിക്കൽ.

അടങ്കൽ: ₹887020/- (ധന.കമ്മീഷൻ ഗ്രാന്റ്)

ചെലവ് : ₹118000/- (ധന.കമ്മീഷൻ ഗ്രാന്റ്)

വൗച്ചർ നം. XVFC/2022-23/16/25.2.2023

മേൽ പ്രൊജക്റ്റ് പ്രകാരം കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കലും മാറ്റി സ്ഥാപിക്കലിനുമായി എസ്റ്റിമേറ്റ് പ്രകാരം ₹118000/- കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കുകയുണ്ടായി. തുക അടവാക്കി 9 മാസത്തോളമായിട്ടും പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/22.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹118000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

1-37 തെരുവ് വിളക്ക് പരിപാലനം - പദ്ധതി നിർവ്വഹണത്തിൽ അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നം. & പേര് | 41/23<br>തെരുവ് വിളക്ക് മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹30,000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | ₹30,000/-<br>(ബിൽ നം. 2112065208090154 5979/28.03.2023) |

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നതും സെക്രട്ടറി നിർവ്വഹണം നടത്തിയതുമായ തെരുവ് വിളക്ക് പരിപാലനം (93/22) പദ്ധതിക്കായി ₹1,50,000/- വകയിരുത്തി ഏറ്റെടുത്തിട്ടുള്ള പ്രോജക്റ്റിന്റെ

നിർവഹണത്തിനായി 'പ്രകാശ് ഇലക്ട്രിക്കൽസ്', ഉഴവൂർ പി.ഒ, കോട്ടയം എന്ന സ്ഥാപനം സമർപ്പിച്ച നിരക്കായ ലൈറ്റ് ഒന്നിന് ₹375/-യുടെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. പഞ്ചായത്തിലെ 13 വാർഡുകളിലും ഉള്ള തകരാറിലായ വിളക്കുകളുടെ അറ്റകുറ്റപ്പണി ചെയ്ത്, മുഴുവൻ വാർഡ് മെമ്പർമാരുടെയും സാക്ഷ്യപത്രം സഹിതം സ്ഥാപനം സമർപ്പിച്ച ₹1,50,000/-യുടെ ബിൽ കമ്മിറ്റി പരിശോധിച്ചു. 400 എണ്ണം ലൈറ്റുകളാണ് മെയിന്റനൻസ് നടത്തിയത്. ബിൽ തുകയായ ₹1,50,000/-യിൽ നിന്ന് ₹30,000/- കുറവ് ചെയ്ത് 1,20,000/- അനുവദിക്കുന്നതിന് 17.3.22ലെ 1(13)ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി തീരുമാനിച്ചു. അതനുസരിച്ച് ₹1,20,000/- (ബിൽ നം. 21120652080901423658/28.03.2022) 2021-22ൽ കരാർ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ബാക്കിയുള്ള ₹30,000/- 2022-23 സാമ്പത്തിക വർഷത്തെ മേൽ പ്രോജക്ടിൽ(നം.41/23) ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ളതാണ്.

പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ ചുവടെ കൊടുക്കുന്നു :-

1) കരാറുകാരനുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല. രേഖപ്പെടുത്തലുകളൊന്നുമില്ലാത്ത 23.02.22ലെ (No.8183) മുദ്രപ്പത്രമാണ് ഫയലിലുള്ളത്.

2) പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ കൃത്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണത്തിന്റെ അഭാവത്തിൽ 400 എണ്ണം മെയിന്റനൻസ് ചെയ്യുന്നതിന് തീരുമാനം എടുത്തതും തുക അനുവദിച്ചതും എങ്ങനെയെന്ന് വ്യക്തമല്ല.

3) പ്രോജക്ട് നമ്പർ 1/23 പ്രകാരം 25 Watts 497 എണ്ണം, 36 Watts 150 എണ്ണം ഉൾപ്പെടെ ആകെ 647 എൽ.ഇ.ഡി ലൈറ്റുകൾ ഓഡിറ്റ് വർഷം വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയിട്ടില്ല. കൂടാതെ മുൻവർഷങ്ങളിൽ തെരുവ് വിളക്ക് പരിപാലന പദ്ധതികളിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുള്ള മുഴുവൻ വിളക്കുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല

4) 11.01.2021ലെ ദർഘാസ് പരസ്യത്തിൽ എൽ.ഇ.ഡി./സി.എഫ്.എൽ. ലൈറ്റുകൾ കേടായത് മാറ്റി പ്രവർത്തനക്ഷമമാക്കുന്നതിന് ഒരു വർഷത്തേക്ക് പരിപാലിക്കുന്നതിനുള്ള ചാർജ് ആണ് ടെൻഡർ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടുള്ളത് (പ്രോജക്ട് നമ്പർ.93/22). കൂടാതെ പരസ്യത്തിൽ സ്പെസിഫിക്കേഷൻ ഭാഗത്ത്,"റിപ്പയർ ചെയ്യേണ്ട തെരുവുവിളക്ക് 9 വാട്ട്സ് എൽ.ഇ.ഡി. ഓട്ടോമാറ്റിക് ആൻഡ് മാനവൽ ഓപ്പറേഷൻ" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ അടങ്കൽ തുകയായി കാണിച്ചിട്ടുള്ളത് 1,50,000/- രൂപയുമാണ്. ലഭ്യമായ ടെണ്ടറുകളിൽ 'പ്രകാശ് ഇലക്ട്രിക്കൽസ്,' ഉഴവൂർ ക്വോട്ട് ചെയ്തത് ഒരെണ്ണം പരിപാലിക്കുന്നതിനുള്ള നിരക്ക് 375/-രൂപ എന്നാണ് (400x375 = ₹1,50,000/-). എന്നാൽ അതിനേക്കാൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 'സച്ചു ബാബു' ACMEKER, പട്ടിമറ്റം, എന്ന സ്ഥാപനത്തിന്റെ നിരക്കുകൾ 9 വാട്ട്സ് എൽ.ഇ.ഡി. ₹150/-; 45 വാട്ട്സ് ₹1000/-; 45 വാട്സ് ഓട്ടോമാറ്റിക് ₹1,200/- എന്നിങ്ങനെയാണ്. കൂടാതെ ആകെ എസ്റ്റിമേറ്റ് നിരക്ക് ₹1,50,000/-ൽ നിന്നും 11 ശതമാനം *ബിലോ റേറ്റ്* ആണ് ക്വോട്ട് ചെയ്തിട്ടുള്ളത്. അതായത് ഒരു എൽ.ഇ.ഡി. 9 വാട്ടസ് ₹150/- രൂപക്ക് സച്ചു ബാബു മെയിന്റനൻസ് ചെയ്യുന്നതിന് തയ്യാറായിട്ടും ഒരു എണ്ണത്തിന് ₹375/- നിരക്കിൽ ₹1,50,000/- രൂപയ്ക്ക് പ്രകാശ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് (നിയമാനുസൃത കിഴിവുകൾ കഴിച്ച്) അനുവദിക്കുകയാണ് ഉണ്ടായത്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കിയതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. ഇത് ക്രമപ്രകാരമായ നടപടിയല്ല.

മേൽപ്പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/21.11.2023) മറുപടി ലഭ്യമാക്കിയില്ല. ന്യൂനതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതു വരെ തൻവർഷ ചെലവ് തുകയായ ₹30,000/- തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റിന്റെ ഭാഗമായിത്തന്നെയാണ് കണക്കുകൾ പരിശോധിച്ചിട്ടുള്ളത്. |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 75/23 | 300000 | 0 |
| | 2022-23 | 300000 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി,98/23 | 300000 | 0 |
| | 2022-23 | 114488 | ലൈഫ് പദ്ധതി എസ്.സി (SO), 51/23 | 114488 | 0 |
| | 2022-23 | 200000 | ലൈഫ് പദ്ധതി എസ്.സി, 72/23 | 200000 | 0 |
| | ആകെ | 914488 | | 914488 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 150000 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി, 98/23 | 150000 | 0 |
| | 2022-23 | 100000 | ലൈഫ് പദ്ധതി എസ്.സി, 72/23 | 100000 | 0 |
| | 2022-23 | 84800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 78/23 | 84800 | 0 |
| | 2022-23 | 172800 | നെൽകൃഷി വികസനം, 116/23 | 172800 | 0 |
| | 2022-23 | 40000 | ലൈഫ് പദ്ധതി(General), 71/23 | 40000 | 0 |
| | 2022-23 | 252000 | വിജയഭേരി സ്കോളർഷിപ്പ്,186/23 | 252000 | 0 |
| | ആകെ | 799600 | | 799600 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | വിവധ വാർഡുകളിൽ കുടിവെള്ളപൈപ്പ് ലൈൻ സ്ഥാപിക്കൽ | 42200791/30.03.23 | 118000 | 0 | 118000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | തൻവർഷം ലഭിച്ചത് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ലോൺ | 17/2018/ധന തീയതി. 06.03.2018 | 0 | 1480992 | ₹1480992 | ₹972240 | 0 | ₹508752 |

* Go Project

1) 199/23- ₹233949/-, ലൈഫ് വായ്പ ജനറൽ

2) 185/23- ₹233950/-, ലൈഫ് വായ്പ ജനറൽ

3) 201/2023-₹252170/-, SCP

4) 200/2023-₹252171/-, SCP

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹1215169 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | ₹71393 |
| ആകെ | ₹1286562 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹1286562 |

2022-23 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| കേരള ഗ്രാമീൺ ബാങ്ക്, ഇലഞ്ഞി | ₹1286562 | 4060820190037/31.03.2023 |

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന ₹30,656.00/- വിവരം താഴെ ചേർക്കുന്നു. ഈ തുക പ്രയർ പിരീഡ് ഇൻകം ഹെഡിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രസീത് നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2020-21 | 1-12(1) | ₹3,240.00 | വി സി മാത്യു,<br>ഇടയൻ അഗ്രഗേറ്റ്സ് | 1220100627/16.06.22<br>1220100628/16.06.22 |
| 2 | 2020-21 | 1-12(2) | ₹1,920.00 | അജീഷ് മാത്യു പി വി,<br>തോട്ടം ഫ്ലവർസ് | 1220101102/30.08.22 |
| 3 | 2021-22 | 1-13(എ1) | ₹1,440.00 | കെ ഐ പൗലോസ്,<br>ലക്ഷ്വറി സാന്റ്സ് | 1220101189/06.09.22 |
| 4 | 2021-22 | 1-13(എ2) | ₹1,440.00 | ജെയ്സൺ ലൂക്കോസ്,<br>അസോസിയേറ്റ് അഗ്രഗേറ്റ്സ് | 1220101190/06.09.22 |
| 5 | 2021-22 | 1-13(എ3) | ₹4,284.00 | ജെയ്സൺ ലൂക്കോസ്,<br>അസോസിയേറ്റ് അഗ്രഗേറ്റ്സ് | 1220600511/12.01.23<br>1220600512/12.01.23 |
| 6 | 2021-22 | 1-13(എ4) | ₹1,332.00 | വിനോയ് ജോൺ,<br>ന്യൂ വിൻകോ കോർപ്പറേഷൻ | 12206001431/25.02.23 |
| 7 | 2021-22 | 1-13(എ5) | ₹13,800.00 | സജി വി അബ്രഹാം,<br>ഗ്യാലക്സി അലൂമിനിയം | 1220602277/23.03.23 |
| 8 | 2021-22 | 1-13(ബി1,2,3) | ₹3,200.00 | ഡോ. മോഹൻ ദാസ് ടി. കെ<br>മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 1220600977/03.02.23 |
| | | ആകെ | ₹30,656.00 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-20 | 1-26 | 2020-21 | 1-2 | മഴക്കാല പൂർവ ശുചീകരണം-രേഖകൾ ലഭ്യമല്ല | മെഡിക്കൽ ഓഫീസർ നൽകിയ മറുപടി പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹2,34,68,889.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹2,17,58,973.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹5,78,000.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | ₹35,154/- | ഡോ.മോഹൻദാസ്. ടി കെ ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | | |
|---|---|---|
| 1-20-1 | ₹38,670/- | ഡോ.മോഹൻദാസ്. ടി കെ ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-21 | ₹11,518/- | ഡോ.മോഹൻദാസ്. ടി കെ ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-25 | ₹4,463/- | ശ്രീമതി. ബിന്ദു കെ സി, അസി. എഞ്ചിനീയർ |
| 1-31 | ₹30,000/- | ശ്രീമതി. ബിന്ദു ആർ, സെക്രട്ടറി |
| 1-32 | ₹45,000/- | ശ്രീമതി. ബിന്ദു ആർ, സെക്രട്ടറി |
| 1-33 | ₹1,03,445/- | ഡോ. സുമയ്യ കെ. എം,<br>മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-34 | ₹11,750/- | ശ്രീമതി. ബിന്ദു ആർ, സെക്രട്ടറി |
| 1-35 | ₹1,50,000/- | ശ്രീ. ഷാജി ജോൺ, ഹെഡ്മാസ്റ്റർ |
| 1-36 | ₹1,18,000/- | ശ്രീമതി. ബിന്ദു ആർ, സെക്രട്ടറി |
| 1-37 | ₹30,000/- | ശ്രീമതി. ബിന്ദു ആർ, സെക്രട്ടറി |
| ആകെ | ₹5,78,000/- | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.മോഹൻദാസ്. ടി കെ<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ഇലഞ്ഞി | കൃഷ്ണ കടാക്ഷം<br>പാഴൂർ.പി.ഒ<br>എറണാകുളം |
| ബിന്ദു കെ സി,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനിയർ, ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | വെട്ടിത്തറക്കൽ ,<br>പൂണിത്തുറ പി ഒ,<br>എറണാകുളം |
| ശ്രീമതി. ബിന്ദു ആർ.<br>സെക്രട്ടറി | വിരമിച്ചു | ശ്രീപൂർണ്ണശ്രീ,<br>പുളിയന്നൂർ,<br>പാല |
| ശ്രീ. ഷാജി ജോൺ<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ, ഇലഞ്ഞി | കുഴിവേലിൽ,<br>ഒലിയപ്പുറം,<br>കൂത്താട്ടുകുളം –<br>686662 |
| ഡോ. സുമയ്യ കെ. എം,<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, ഇലഞ്ഞി | ഹൈക്കനാട്ട്,<br>മുളന്തുരുത്തി പിഒ,<br>എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1988-99 | 48,58 | കെ.എസ്.എ.ഇ.കെ.എം പി9/503(i) /2018/ 3.5.18 | 2 |
| 2006-07 | 2-2, 3-1ബി, 3-5-2, 3-10, 3-14, 3-15, 3-16, 3-18, 3-19 | കെ.എസ്.എ.ഇ.കെ.എം പി9/503(ii) /2018/3.5.18 | 9 |
| 2008-09 | 2-2, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-10, 3-13, 3-14-1, 3-15(എ), 3-20(1), (2) | എൽ.എഫ്.ഇ പി9/669/10/29.10.2011 | 13 |
| 2009-10& 10-11 | 2-1, 2-2, 2-4, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-14, 3-15 | കെ.എസ്.എ.ഇ.കെ.എം പി9/503(iii) /2018/5.7.18 | 15 |
| 2011-12 | 2-5, 3-5, 3-7 | കെ.എസ്.എ.ഇ.കെ.എം പി9/503(iv /2018/ 3.5.18 | 3 |

| | | | |
|---|---|---|---|
| 2012-13 | 2-2, 3-1, 3-2, 3-6, 3-8 | കെ.എസ്.എ.ഇ.കെ.എം പി9/503(v) /2018/5.7.18 | 5 |
| 2013-14 &2014-15 | 2-1, 2-2, 3-6, 3-7, 3-8, 3-9 | കെ.എസ്.എ.ഇ.കെ.എം പി9/2150 /2017/30.7.18 | 6 |
| 2015-16 | 2-4, 3-4, 3-5, 3-6 | കെ.എസ്.എ.ഇ.കെ.എം പി9/2227 /16/12.1.17 | 4 |
| 2016-17 | 2-1, 2-2, 2-3, 2-5 | കെ.എസ്.എ.ഇ.കെ.എം പിജി/1071/2020 | 4 |
| 2017-18 | 2-4-1, 2-4-3, 2-4-4, 3-6, 3-10 | കെ.എസ്.എ.ഇ.കെ.എം പിജി/1071/2020 | 5 |
| 2018-19 | 1-15,1-18,1-20, 4-8 | കെ.എസ്.എ.ഇ.കെ.എം പി9/509/20/ 14.9.2020 | 4 |
| 2019-20 | 1-17, 1-18-1, 2-1, 3-1, 3-2 | കെ.എസ്.എ.ഇ.കെ.എം പി9/509/20/ 14.9.2020 | 5 |
| 2020-21 | 1-2, 1-2-1 (1, 2, 5, 6), 1-11, 1-12, 1-13, 1-14, 1-15, 1-18, 1-19 | കെ.എസ്.എ.ഇ.കെ.എം പി9/1063/22/ 17.02.2023 | 9 |
| 2021-22 | 1-2,-1, 1-11, 1-12, 1-13, 1-14, 1-15, 1-17, 1-18, 1-19(2), 1-21, 1-22, 1-23, 1-24, 1-25, 1-27, 1-28(1, 2, 3) | കെ.എസ്.എ.ഇ.കെ.എം(പി.9)1602/22 / 24.06.23 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 21-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Elanji Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Elanji Grama Panchayat for the year 2022-2023

Date: 19/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Elanji Grama Panchayat for the Year 2022-2023

.

**1.Major Observations**

1. Non inclusion of Notes to accounts in Financial statements and non disclosure of Accounting ratios

2.Excess of income over expenditure carried forward to B1 schedule is not correct.

**2.Other Observations**

1) Cash flow statement-net increase/decrease in cash flow does not match with difference between opening and closing balance of cash and cash equivalents.

2) E-tender fee was not fully demanded.

3) The supporting details of closing balance in block panchayath share for joint venture projects is not provided with the AFS.

4) The demand, collection and balance of property tax does not match.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്